# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

മഹാത്മാഗാന്ധി സർവ്വകലാശാല - സെന്റ് ജോർജ്ജ്സ് കോളേജ്, അരുവിത്തുറ - കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് 2018-19 - ശ്രീ. റോജൻ ജയൻ പ്ലാത്തോട്ടം നൽകിയ പരാതി - മുഖ്യ തെരഞ്ഞെടുപ്പ് നിരീക്ഷകൻ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ചതു സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ഷൻ വിഭാഗം**

നം.8212/1/2018/ഇലക്ഷൻ　　　　　　　　　　പ്രിയദർശിനി ഹിൽസ്, 21/11/2018

സൂചന: (1) 29.08.2018-ലെ കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് വിജ്ഞാപനം നം. 3256/1/2018/ഇലക്ഷൻ

(2) 17/09/2018 തീയതിയിൽ ശ്രീ. റോജൻ ജയൻ പ്ലാത്തോട്ടം സർവ്വകലാശാലയിൽ സമർപ്പിച്ച പരാതി

(3) റിട്ട് പെറ്റീഷൻ നം. 31019/2018 - ൻ മേൽ 24/09/2018 തീയതിയിലെ ബഹു. കേരള ഹൈക്കോടതി ജഡ്ജ്മെന്റ്

(4) 16/10/2018 തീയതിയിലെ 3256/1/2018/ഇലക്ഷൻ നമ്പർ കത്ത്

(5) മുഖ്യ തെരഞ്ഞെടുപ്പ് നിരീക്ഷകന്റെ 12/11/2018 തീയതിയിലെ റിപ്പോർട്ട്

## <u>ഉത്തരവ്</u>

11/09/2018 - ന് നടന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അരുവിത്തുറ സെന്റ് ജോർജ്ജ്സ് കോളേജിൽ തെരെഞ്ഞെടുപ്പ് ക്രമക്കേടുകൾ നടന്നതായി ആരോപിച്ചുകൊണ്ട് സൂചന (2) പ്രകാരം 17/09/2018 തീയതിയിൽ ശ്രീ. റോജൻ ജയൻ പ്ലാത്തോട്ടം സർവ്വകലാശാല യിലും റിട്ട് പെറ്റീഷൻ (സിവിൾ) 31019/2018 നമ്പരായി ബഹു. കേരള ഹൈക്കോടതിയിലും പരാതി സമർപ്പിച്ചിരുന്നു. ടി പരാതി പരിഗണിച്ച ഹൈക്കോടതി സൂചന (3) ജഡ്ജ്മെന്റ് പ്രകാരം ബഹു. വൈസ് ചാൻസിലറോട് സർവ്വകലാശാലയിൽ ലഭിച്ച പരാതി അപ്പീലായി പരിഗണിച്ച് നാല് ആഴ്ച്ച ക്കുള്ളിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ഇതേത്തുടർന്ന് ബഹു. വൈസ് ചാൻസിലർ സൂചന (4) കത്ത് പ്രകാരം കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പ് 2018-19 - ന്റെ മുഖ്യ തെരഞ്ഞെടുപ്പ് നിരീക്ഷകനായ പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി.-യെ അന്വേഷണത്തിന് നിയോഗിച്ചിട്ടുള്ളതും 12/11/2018 തീയതിയിൽ അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. റിപ്പോർട്ട് അംഗീകരിച്ച ബഹു. വൈസ് ചാൻസിലർ, ശ്രീ. റോജൻ ജയൻ പ്ലാത്തോട്ടം സൂചന (2) പ്രകാരം സമർപ്പിച്ച പരാതി തള്ളിക്കളയുവാനും അരുവിത്തുറ സെന്റ് ജോർജ്ജ്സ് കോളേജിൽ 11/09/2018 - ന് നടന്ന കോളേജ് യൂണിയൻ തെരെഞ്ഞെടുപ്പിന്റെ ഫലം സാധുവായി അംഗീകരിക്കുന്നതിനും ഉത്തരവായി.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ഒപ്പ്
രമേഷ് നാരായൺ
അസിസ്റ്റന്റ് രജിസ്ട്രാർ II(അക്കാദമിക്)
രജിസ്ട്രാർക്കുവേണ്ടി

(മറുപുറം)

പകർപ്പ്

1. ശ്രീ. റോജൻ ജയൻ പ്ലാത്തോട്ടം, പാതാമ്പുഴ പി.ഒ
2. പ്രിൻസിപ്പൽ, സെന്റ് ജോർജ്ജ്സ് കോളേജ്, അരുവിത്തുറ (ആമുഖ കത്ത് സഹിതം)
3. വി.സി/പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
5. അസിസ്റ്റന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്)
6. എസി.എൽ
7. എസി.സി I & II
8. എസി.എ I/V/ VIII
9. പി.ആർ.ഒ
10. കണ്ടന്റ് മാനേജ്മെന്റ്
11. ഡി.എസ്.എസ്
12. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം. 3256/1/2018/ഇലക്ഷൻ